**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1356** — **07-02-2023 - ൽ മറുപടിയ്ക്ക്**

**സ്കൂൾ പാചക തൊഴിലാളികളുടെ വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ എത്ര പാചക തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്ന് ജില്ലതിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ജോലി ചെയ്യുന്ന പാചക തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | പൊതുവിദ്യാലയങ്ങളിൽ പാചക തൊഴിലാളികളെ നിയമിക്കുന്നതിന് നിലവിൽ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | പാചകത്തൊഴിലാളികളെ പുതിയതായി നിയമിക്കുന്നതിനും പ്രത്യേക സാഹചര്യങ്ങളിൽ പിരിച്ച് വിടുന്നതിനുമുള്ള അധികാരം സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റികൾക്കാണ്, പാചകത്തൊഴിലാളികളുടെ നിയമനത്തിൽ സമൂഹത്തിൽ പിന്നാക്കം നിൽക്കുന്ന സ്ത്രീകൾക്കും, എസ്.സി, എസ്.റ്റി, ഒ.ബി.സി, ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെടുന്നവർക്കും മുൻഗണന നൽകുന്നുണ്ട്. പാചകത്തിലെ വൈദഗ്ധ്യം, ആരോഗ്യം, ശുചിത്വം, പ്രാദേശിക പ്രാതിനിധ്യം എന്നിവയും കണക്കിലെടുത്താണ് പാചകത്തൊഴിലാളികളെ നിയമിക്കുന്നത്. കൂടാതെ നേത്ര, ചർമ്മ, ശ്വാസകോശ സംബന്ധമായ രോഗങ്ങളില്ലായെന്ന് തെളിയിക്കുന്ന അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ പ്രാക്ടീഷണർ നൽകുന്ന മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ നിയമനത്തിനപേക്ഷിക്കുന്ന ഘട്ടത്തിൽ പാചകത്തൊഴിലാളി സമർപ്പിക്കേണ്ടതാണ്. നിലവിൽ 500 കുട്ടികൾക്ക് ഉച്ചഭക്ഷണം പാചക ചെയ്യുന്നതിന് ഒരു പാചകത്തൊഴിലാളിയെയും 500 കുട്ടികൾക്ക് മുകളിൽ 2 പാചക തൊഴിലാളികളേയും നിയമിക്കുന്നുണ്ട്. നിയമിക്കപ്പെടുന്ന പാചകത്തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ് നിർബന്ധമാക്കിയിട്ടുണ്ട്. ആറ് മാസത്തിലൊരിക്കൽ പ്രാഥമിക ആരോഗ കേന്ദ്രം, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നി മുഖാന്തരം ആരോഗ്യ പരിശോധന ഉറപ്പാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | പാചക തൊഴിലാളികൾക്ക് നൽകുന്ന പ്രതിഫലം എത്രയാണെന്നും പ്രതിഫലം വിതരണം ചെയ്യുന്നതിന് കൃത്യമായ ദിനങ്ങൾ നിശ്ചയിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (സി) | പ്രതിദിനം 600 രൂപ മുതൽ 675 രൂപ വരെയാണ് പാചകത്തൊഴിലാളികൾക്ക് ഓണറേറിയമായി അനുവദിക്കുന്നത്. 150 കുട്ടികൾ വരെ ഫീഡിംങ് സ്ട്രെങ്ത് ഉള്ള സ്കൂളുകളിൽ പാചകത്തൊഴിലാളികളുടെ പ്രതിദി ഓണറേറിയം 600/- രൂപയാണ്. 151 മുതൽ 500 വരെ ഫീഡിങ് സ്ട്രെങ്ത് ഉള്ള സ്കൂളുകളിൽ പാചകത്തൊഴിലാളികളുടെ കുറഞ്ഞ പ്രതിദിന ഓണറേറിയം 600/- രൂപയും 150-ൽ കൂടുതലുള്ള ഓരോ കുട്ടിക്കും 25 പൈസ എന്ന തോതിൽ കണക്കാക്കി പരമാവധി പ്രതിദിന ഓണറേറിയം 675/- രൂപയായും നിജപ്പെടുത്തിയിട്ടുണ്ട്. 500 ന് മുകളിൽ ഫീഡിങ് സ്ട്രെങ്ത് ഉള്ള സ്കൂളുകളിൽ രണ്ട് പാചകത്തൊഴിലാളികൾ ഉണ്ടാകും എന്നതിനാൽ മിനിമം ഓണറേറിയം ആയ 600/- രൂപ എന്ന നിരക്കിനെ അടിസ്ഥാനപ്പെടുത്തി ആദ്യത്തെ 300 കുട്ടികൾക്ക് ഓരോ പാചകത്തൊഴിലാളിക്കും പ്രതിദിനം 600/- രൂപ വീതവും 300-ന് മുകളിൽ അധികമായി കുട്ടി ഒന്നിന് 25 പൈസ നിരക്കിൽ കണക്കാക്കി ലഭിക്കുന്ന തുകയെ തുല്യമായി വീതിച്ച് പ്രതിദിനം പരമാവധി 675/- രൂപയിൽ നിജപ്പെടുത്തി ഇരു തൊഴിലാളികൾക്കും ഓണറേറിയമായി നൽകി വരുന്നു.<br><br>സ്കൂളുകൾ സമർപ്പിക്കുന്ന എൻ.എം.പി (ന്യൂൺ മീൽ പ്രോഗ്രാം) ഫോറം ഒന്നിലെ പ്രവൃത്തി ദിനങ്ങൾ അടിസ്ഥാനപ്പെടുത്തി ഓരോ മാസവു പാചക തൊഴിലാളികൾക്ക് അർഹതപ്പെട്ട ഓണറേറിയം തൊട്ടടുത്ത മാസം 5-ാം തീയതിക്ക് മുൻപായി തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് പി.എഫ്.എം.എസ് മുഖാന്തിര ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | ഇവർക്ക് നൽകാനുള്ള പ്രതിഫലം കുടിശ്ശിക ഉണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (ഡി) | 2022 നവംബർ വരെയുള്ള ഓണറേറിയം പാചകത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തേക്കുള്ള (2022-23) രണ്ടാം ഗഡു കേന്ദ്ര വിഹിതം ലഭിക്കുന്നതിൽ വന്നിട്ടുള്ള കാലതാമസം മൂലം ഡിസംബറിലെ ഓണറേറിയം പൂർണ്ണമായും വിതരണം ചെയ്യുവാൻ സാധിച്ചിട്ടില്ല. ആയത് വിതരണം ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ജോലി ചെയ്യുന്ന പാചക തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള കണക്ക്

| ക്രമ നമ്പർ | ജില്ല | ഉപജില്ലകളുടെ എണ്ണം | പാചകത്തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 12 | 1031 |
| 2 | കൊല്ലം | 12 | 947 |
| 3 | പത്തനംതിട്ട | 11 | 696 |
| 4 | ആലപ്പുഴ | 11 | 780 |
| 5 | കോട്ടയം | 13 | 913 |
| 6 | ഇടുക്കി | 7 | 503 |
| 7 | എറണാകുളം | 14 | 1031 |
| 8 | തൃശ്ശൂർ | 12 | 1069 |
| 9 | പാലക്കാട് | 12 | 1089 |
| 10 | മലപ്പുറം | 17 | 1803 |
| 11 | കോഴിക്കോട് | 17 | 1393 |
| 12 | വയനാട് | 3 | 350 |
| 13 | കണ്ണൂർ | 15 | 1396 |
| 14 | കാസർഗോഡ് | 7 | 610 |
| ആകെ | | 163 | 13611 |

Namitha P

സെക്ഷൻ ഓഫീസർ